<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 324</u> <u>10-06-2024 - ൽ മറുപടിയ്ക്ക്</u>

## മൂന്നാർ ദേവികുളം പഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ മൂന്നാർ ദേവികുളം പഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതിയിലെ ഭൂരഹിത-ഭവനരഹിതരുടെ അന്തിമ ലിസ്റ്റിലുള്ള അപേക്ഷകരുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ; | (എ) | മൂന്നാർ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവനപദ്ധതിയിലെ ഭൂരഹിത ഭവനരഹിതരുടെ അന്തിമ ലിസ്റ്റിൽ 3613 ഗുണഭോക്താക്കളും, ദേവികുളം ഗ്രാമപഞ്ചായത്തിലെ ഭൂരഹിത ഭവനരഹിതരുടെ അന്തിമ ലിസ്റ്റിൽ 2985 ഗുണഭോക്താക്കളും ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | ഭൂരഹിതരായ ഗുണഭോക്താക്കൾക്ക് സ്ഥലം കണ്ടെത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂരഹിത ഭവനരഹിതരുടെ പുന:രധി വാസ ത്തിനായി മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിനിലൂടെ ലഭിക്കുന്ന ഭൂമി ഗുണഭോക്താക്കൾക്ക് നൽകി വരുന്നു.<br><br>ഇതിനു പുറമെ 26.09.2019-ലെ ഡിബി1 / 304/2019-തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായവും നൽകി വരുന്നു. പട്ടിക ജാതി, പട്ടിക വർഗ്ഗ വകുപ്പ് മുഖേനയും ഭൂരഹിത ഭവനരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കുന്നുണ്ട്. |
| (സി) | സ്ഥല ദൗർലഭ്യം ഉള്ളതിനാൽ ഗുണഭോക്താക്കൾക്ക് ഫ്ലാറ്റ് സമുച്ചയ മാതൃകയിൽ കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഭൂരഹിത ഭവനരഹിത ഗുണഭോക്താ ക്കളെ പുന:രധിവസിപ്പിക്കുന്നതി നായി ലൈഫ് മിഷൻ ഭവനസമുച്ചയ ങ്ങളുടെ നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്. ലൈഫ് മിഷൻ മുഖേന നിർമ്മാണം ആരംഭിച്ച ഭവന സമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെയും (കണ്ണൂർ - കടമ്പൂർ, ഇടുക്കി - കരിമണ്ണൂർ, കോട്ടയം - വിജയപുരം, കൊല്ലം - പുനലൂർ) പാർട്ണർഷിപ്പിലൂടെ രണ്ട് ഭവനസമുച്ചയങ്ങളുടെയും നിർമ്മാണം പൂർത്തീകരിച്ചു. ലൈഫ് മിഷൻ അടിമാലിയിൽ വിലയ്ക്ക് വാങ്ങിയ 217 യൂണിറ്റുകളുള്ള ഭവന സമുച്ചയവും ഗുണഭോക്താക്കൾക്ക് കൈമാറി യിട്ടുണ്ട്. ഇവയ്ക്ക് പുറമെ 3 ഭവന സമുച്ചയങ്ങൾ (തിരുവനന്തപുരം - വെങ്ങാനൂർ, എറണാകുളം - കീഴ്മാട്, എറണാകുളം - അങ്കമാലി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ |

| | | | |
|---|---|---|---|
| | | | മുഖേന പൂർത്തീകരിച്ച് ഗുണഭോ ക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. ഒരു ഭവന സമുച്ചയം (തിരുവനന്തപുരം) സ്പോൺ സർഷിപ്പിലൂടെ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറു കയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ